Maximum 80 scores

# രണ്ടാം വർഷം മലയാളം

Time: 2 1/2 hours
Cool of time -15 minutes

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം തെരെഞ്ഞെടുത്തെഴുതുക **(2 x 5=10)**

1 കാട്ടാളന്റെ അലറൽ എന്തിനോടൊക്കെയാണ് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്

- ♦ ചീറിയചിക്കുന്ന കാറ്റ് പോലെ
- ♦ കണയേറ്റ കരിമ്പുലി പോലെ
- ♦ ഉരുൾപൊട്ടിയ മാമല പോലെ
- ♦ ഒഴുകി വരുന്ന ജലം പോലെ

2 മാതൃഭാഷപഠനം ഇ.സി.ജി. സുദർശന്റെ കഴിവിനെ സ്വാധീനിച്ചത് ഏതെല്ലാം വിധത്തിലാണ്

- ♦ ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന വലിയ അറിവ് ലഭിച്ചു.
- ♦ ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് അദ്ദേഹത്തെ നയിച്ചു.
- ♦ മാതൃഭാഷാപഠനം ഫിസിക്സിനെ സ്വാധീനിക്കുന്നില്ല എന്ന അറിവ് കിട്ടി
- ♦ ശാസ്ത്ര പഠനവും ഭാഷാ പഠനവും തമ്മിൽ ബന്ധമില്ല.

3. കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസ് കൂട്ടിലാക്കി ഭംഗിയായി പൊതിയാൻ തുടങ്ങി. ഇത് സൂചിപ്പിക്കുന്നതെന്ത്?

- ♦ ദിവാകരന് ആഗ്രഹിച്ച ചിത്രങ്ങൾ ലഭിച്ചു.
- ♦ ദിവാകരൻ കാശ് നൽകാതെ പോകാൻ ശ്രമിച്ചു.
- ♦ ലാഭം മാത്രം ലക്ഷ്യമിടുന്ന കച്ചവടക്കാർ, ദിവാകരനേയും ഒരു ചിത്രമാക്കി മാറ്റി.
- ♦ ദിവാകരൻ മരിച്ചു കഴിഞ്ഞിരിക്കുന്നു.

4. തനതു നാടകങ്ങളുടെ പ്രത്യേകതകളിൽ പെടുന്നത് ഏതൊക്കെ?

- ♦ പാട്ടും കൊട്ടും ആട്ടവും ചേർന്ന അവതരണ രീതി
- ♦ ജനങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്ന നാടകാവിഷ്കാരരീതി
- ♦ തുറന്ന രംഗവേദി
- ♦ ഗ്രീക്ക് നാടകവേദിയിൽ നിന്ന് സ്വാധീനം ഉപയോഗിച്ച് പ്രവർത്തിക്കുന്നു.

5. സച്ചിനില്ലാത്ത ക്രിക്കറ്റിനെക്കുറിച്ച് എനിക്ക് ആലോചിക്കാനാകും. പക്ഷെ ക്രിക്കറ്റില്ലാത്ത സച്ചിനെക്കുറിച്ച് എനിക്ക് ചിന്തിക്കാനാകില്ല. ഈ നിരീക്ഷണത്തിൽ തെളിയുന്ന സൂചനകളെന്ത്?

- ♦ ക്രിക്കറ്റ് സച്ചിന് മടുത്തു തുടങ്ങി.
- ♦ കൂടുതൽ കാലം ക്രിക്കറ്റ് കളിച്ചതിനാലുള്ള ആത്മബന്ധം
- ♦ ക്രിക്കറ്റ് സെലക്ടർമാരുമായുള്ള തർക്കം
- ♦ ക്രിക്കറ്റ് സച്ചിന്റെ ജീവവായു ആണ്

6. സൂര്യകുണ്ഡിന്റെ രണ്ട് പ്രത്യേകതകൾ തെരെഞ്ഞെടുക്കുക

- ♦ ഉഷ്ണജല പ്രവാഹമാണ്
- ♦ യമുനേത്രീ ക്ഷേത്രത്തിന് സമീപത്താണ്.
- ♦ അസിതമുനി തപസ്സനുഷ്ഠിച്ചിരുന്നത് ഇവിടെയാണ്
- ♦ മാനാഗ്രാമത്തിനടുത്താണ്.

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക** **(3X2=6)**

7. അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ കച്ചവടക്കാർ ഉപയോഗിച്ച് 2 കച്ചവട തന്ത്രം എഴുതുക
8. കമ്പ്യൂട്ടറിന്റെ സ്വാധീനം ടി.പി.ശ്രീധരന്റെ ജീവിതരീതിയിൽ വരുത്തിയ 2 മാറ്റങ്ങൾ എന്തൊക്കെയാണ്.
9. സഞ്ചാര സാഹിത്യകൃതികൾക്കുണ്ടായിരിക്കേണ്ട 2 സവിശേഷതകൾ ഏവ?

10 ഭർത്താവിനെ എത്ര കണ്ട് ശുശ്രൂഷിച്ചിട്ടും തിരിച്ച് കുറ്റങ്ങൾ മാത്രം ഏറ്റ് വാങ്ങേണ്ടി വരുന്നതിന് ശീലാവതി കണ്ടെത്തുന്ന ന്യായീകരണമെന്ത്?

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക** **(6 X 4=24)**

11. ദുഷ്യന്തന്റെ അധിക്ഷേപങ്ങളെ സ്ത്രീപക്ഷത്തുനിന്നു കൊണ്ട് ശകുന്തള എങ്ങനെ പ്രതിരോധിക്കുന്നു.
12. ഉൽപ്പന്നങ്ങളുടെ ധാരാളിത്തവും ഉപഭോക്താവിന്റെ ധർമ്മസങ്കടവും ആവിഷ്കൃതമാകുന്ന കഥയാണ് പി.പത്മരാജന്റെ അവകാശങ്ങളുടെ പ്രശ്നം ചർച്ച ചെയ്യുക.
13. കാക്കാരിശ്ശി നാടകത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക
14. "ഇന്ന് കേരളത്തിലെ എല്ലാ കലാപാരമ്പര്യങ്ങളും എല്ലാ കേരളീയരുടേതുമാണ്" – എം.എൻ.കാരശ്ശേരിയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ അഭിപ്രായം എഴുതുക
15. വിശക്കുമ്പോൾ കോഴിയിറച്ചിയും പശുവിൻപാലും വേണമെന്ന് ആഗ്രഹിക്കുന്ന കള്ളൻ സ്വയമേവ ഉയർത്തുന്ന യുക്തികൾ എന്തൊക്കെയാണ്?
16. "തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്" എന്ന ഗുണപാഠം തേങ്ങ എന്ന കവിതയിൽ എങ്ങനെയാണ് ഹാസ്യത്തിന് കാരണമാകുന്നത്?
17. നവമാധ്യമങ്ങളെ മറികടക്കാൻ പരമ്പരാഗത മാധ്യമങ്ങൾ സ്വീകരിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാം?

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക** **(3 X 6=18)**

18. വിപരീത സാഹചര്യങ്ങളെ എങ്ങനെ അനുകൂലമാക്കിത്തീർക്കാമെന്നാണ് ടോട്ടോയും ജോവലും 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കാണിച്ചുതരുന്നത്?

19 കേശിനി ഉത്തമയായ തോഴിയാണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ

20 "അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത്." ജനനം മുതൽ തുടങ്ങിയ ജീവിത പ്രശ്നങ്ങളെ എങ്ങനെയാണ് കലാമണ്ഡലം ഹൈദരലി നേരിട്ടത്?

21. സ്ത്രീ ജീവിതത്തിന്റെ നിസ്സഹായമായ വശമാണ് 'കൊള്ളിവാക്കല്ലാതൊന്നും' എന്നതിലെ ശീലാവതി പ്രതിനിധാനം ചെയ്യുന്നത്. വിശദമാക്കുക

**ഖണ്ഡിക വായിച്ച് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക?**

**(3x2=6)**

വായ്മൊഴിയിൽ കഥപറയുന്ന ശീലം പഴയകാലത്തു തന്നെ കേരളീയർക്കുണ്ടായിരുന്നു. ഇവയെ ചൊൽക്കഥകൾ, പാട്ടുകഥകൾ എന്നിങ്ങനെ വിഭജിക്കാമന്ന് മലയാളത്തിലെ ആദ്യകാല കഥകളെക്കുറിച്ച് പഠനം നടത്തിയ കെ.എസ്.രവികുമാർ രേഖപ്പെടുത്തുന്നു. കൂത്തിലും കൂടിയാട്ടത്തിലും വിദൂഷകർ അവതരിപ്പിക്കുന്ന ഉപകഥകൾ, പടയണിയിലെ ഉപകഥകൾ തുടങ്ങിയവ ചൊൽക്കഥകൾ. വടക്കൻ പാട്ടുകളി

ലെയും തെക്കൻ പാട്ടുകളിലെയും കഥകൾ പാട്ടുകഥകൾ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യകഥകൾ നമ്മുടെ കഥാപാരമ്പര്യത്തിന്റെ ഈടുവെയ്പ്പുകളിൽ ശ്രദ്ധേയമാണെന്ന് അദ്ദേഹം സുചിപ്പിക്കുന്നു.

22. കെ.എസ് രവികുമാർ കഥകളെക്കുറിച്ച് പഠനം നടത്തി കണ്ടെത്തിയത് എന്തൊക്കെയാണ്?
23. ചൊൽക്കഥകളിൽ ഉൾപ്പെടുന്നത് എന്തൊക്കെയാണ്
24. വടക്കൻ പാട്ടുകളും തെക്കൻ പാട്ടുകളും ഏത് കഥാവിഭാഗത്തിൽപ്പെടുന്നു.?

**താഴെ നൽകുന്ന ചോദ്യങ്ങലിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം തയ്യാറാക്കുക.നിർദ്ദേശസൂചകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

**(2x8=16)**

25. ഏകാധിപത്യം ജനാധിപത്യത്തിന്റെ ഘാതകനാണ്. അധികാരിവർഗ്ഗം എന്നും അധികാരം നിലനിർത്താൻ ശ്രമിക്കുന്നതിന്റെ കാഴ്ചകൾ നമുക്ക് ചുറ്റിലുമുണ്ട്. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലെ പ്രധാന കഥാപാത്രങ്ങളെ വിവർശനാത്മകമായി വിലയിരുത്തി നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക. (കഥാപാത്രങ്ങൾ; രാജഗുരു, വിദൂഷകൻ, കൊത്തുവാൾ,അടിച്ചുതളിക്കാരി, അഗ്നിവർണങ്ങൾ)
26. കഴിഞ്ഞ ജന്മത്തിലും ഈ ജന്മത്തിലും അറിവും വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്ന ആണധികാരത്തിന്റെ ഇരയാണ് സ്ത്രീ എന്ന ചിന്തയുടെ പ്രതിഫലനമാണ് ഗൗളിജന്മം. കഥയുടെ അവസാനം പെൺഗൗളി ഉണർത്തുന്ന നവോത്ഥാന ചിന്തയെ ഉൾക്കൊള്ളിച്ച് ഉപന്യാസം തയ്യാരാക്കുക. (സൂചനകൾ:- ആവിഷ്കാര സ്വാതന്ത്ര്യം, യാത്രാസ്വാതന്ത്ര്യം )
27. പ്രകൃതിയെക്കുറിച്ച് എന്തു സംസാരിക്കുമ്പോഴും മനുഷ്യൻ അതിന്റെ പുറത്താണെന്ന മിഥ്യാബോധം സമൂഹത്തിലുണ്ട്. വരും കാല പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള മുന്നറിയിപ്പായി കിരാതവൃത്തം എന്ന കവിതയെ കാണാമോ? കാട്ടാളന്റെ നിലവിളി ഭൂമിയുടെ നിലവിളി തന്നെയല്ലേ? പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.

(സൂചനകൾ:- വർദ്ധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങൾ,
അമിതമായ പ്രകൃതി ചൂഷണം,
വികസനത്തിന്റെ പേരിലുള്ള മുതലെടുപ്പ്)

തയ്യാറാക്കിയത്: നിർമ്മല ജോർജ്ജ്, ജി.എച്ച്.എസ്.എസ് കുണ്ടംകുഴി, സരസ്വതി ഗോപാൽ ബിഎആർ എച്ച്എസ്എസ് ബോവിക്കാനം, രഞ്ജിനി ടി കെ സിജെഎച്ച്എസ്എസ് ചെമ്മനാട്, ദേവേശൻ പേരൂർ ജി.വി.എച്ച്എസ്എസ് കാസർഗോഡ്, ഹാരിഫ സി.കെ. ജിഎച്ച്എസ്എസ് അങ്കടിമുഗർ, സുനിത കെ ജിഎച്ച് എസ് ബേക്കൂർ, റസീന എം ജിഎച്ച്എസ്എസ് ചെർക്കള

ഡിആർജി
1. ഡോ.സഞ്ജീവൻ കെ.വി (ജിഎച്ച്എസ്എസ് ബല്ല ഈസ്റ്റ്)
2. ഡോ.വി.എസ്.ബിനു (എം.ആർ.എച്ച്എസ്എസ് കാസർഗോഡ്)